# വൈഗ നാളെ സമാപിക്കും

**തൃശൂർ:** വൈഗ കാർഷികോല്പന്ന സംസ്കരണത്തെയും മൂല്യവർധനവിനെയും കുറിച്ചുള്ള രണ്ടാമത് അന്തർദേശീയ ശില്പശാലയുടെയും പ്രദർശനത്തിന്റെയും സമാപന സമ്മേളനം കാർഷിക സർവകലാശാലസെൻട്രൽ ഓഡിറ്റോറിയത്തിൽ നാളെ ഉച്ചകഴിഞ്ഞു മൂന്നിനു സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി.എസ് സുനിൽകുമാർ അധ്യക്ഷത വഹിക്കും.

കൃഷിവകുപ്പ് പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും കേരള കാർഷിക സർവകലാശാലയുടെ നൂതന സാങ്കേതിക വിദ്യകളുടെ കൈമാറ്റവും മന്ത്രി നടത്തും. മന്ത്രി എ.സി. മൊയ്തീൻ പുരസ്കാര വിതരണം നിർവഹിക്കും. മേയർ അജിത ജയരാജൻ, എംഎൽഎമാരായ മുരളി പെരുനെല്ലി, കെ.രാജൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ഡെപ്യൂട്ടി മേയർ ബീന മുരളി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പി. രാധാകൃഷ്ണൻ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കർഷക സംഘം പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ എ.എം. സുനിൽകുമാർ എന്നിവരും പങ്കെടുക്കും.

Deepika 30.12.17